(എ) തളിപ്പറമ്പ്-കുടിയാൻമല ദേശവൽകൃത റൂട്ടിൽ സർവ്വീസ് നടത്തുന്ന കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ ചിലതെങ്കിലും പൊട്ടൻപ്ലാവിലേയ്ക്ക് നീട്ടുന്ന കാര്യം ഗവൺമെന്റിന്റെ പരിഗണനയിൽ ഉണ്ടോ;

(ബി) ഇപ്പോൾ പൊട്ടൻപ്ലാവിലേയ്ക്ക് എത്ര കെ.എസ്.ആർ.ടി.സി ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ട്.

ഉത്തരം

(എ) തളിപ്പറമ്പ്-കുടിയാൻമല റൂട്ടിൽ സർവ്വീസ് നടത്തുന്ന ഒരു സർവ്വീസ് പൊട്ടൻപ്ലാവിലേയ്ക്ക് നീട്ടുന്നതിന് ബന്ധപ്പെട്ട യൂണിറ്റാഫീസർക്ക് നിർദേശം നൽകിയിട്ടുണ്ട്.

(ബി) പയ്യന്നൂർ ഡിപ്പോയിൽനിന്നും ഒരു സർവ്വീസ് ഇപ്പോൾ പൊട്ടൻപ്ലാവിലേയ്ക്ക് സർവ്വീസ് നടത്തുന്നുണ്ട്.

71 (2631) മലബാറിലെ യാത്രാക്ലേശം

ശ്രീ. ടി.കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ മൂന്നു വർഷത്തിനിടയിൽ കെ.എസ്.ആർ.ടി.സി. എത്ര പുതിയ ബസ്സുകൾ റോഡിൽ ഇറക്കിയെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതിൽ എത്ര എണ്ണം മലബാർ മേഖലയിൽ സർവ്വീസ് ആരംഭിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) മലബാർ പ്രദേശത്തെ യാത്രാക്ലേശം പരിഹരിക്കുവാൻ കെ.എസ്.ആർ.ടി.സി. സ്വീകരിച്ചിട്ടുള്ള നടപടികൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) മൂന്ന് വർഷത്തിനിടയിൽ 1226 ബസ്സുകൾ നിരത്തിലിറക്കിയിട്ടുണ്ട്.

(ബി) 300 പുതിയ ബസ്സുകൾ മലബാർ മേഖലയിലേയ്ക്ക് നൽകിയിട്ടുണ്ട്.

(സി) ജനപ്രതിനിധികളുടെ നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ യാത്രാക്ലേശം രൂക്ഷമായ റൂട്ടുകളിൽ കൂടുതൽ സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. ദേശസാൽകൃത മേഖലകളിലെ സർവ്വീസുകൾ ക്യാൻസലേഷൻ ഒഴിവാക്കി പരമാവധി കൃത്യതയോടെ ഓപ്പറേറ്റ് ചെയ്യാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. കണ്ണൂർ, കാസർഗോഡ് മേഖലയിൽ സ്വകാര്യ സർവ്വീസുകളെ പൂർണ്ണമായും ഒഴിവാക്കിക്കൊണ്ട് സർവ്വീസ് നടത്തുന്നതാണ്.

72 (2632) തെക്കൻ മേഖലയിലെ യാത്രാക്ലേശം

ശ്രീ. എൻ. സുന്ദരൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ തെക്കൻ മേഖലയിലെ യാത്രാക്ലേശം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മുൻകാലങ്ങളിൽ പാറശ്ശാല ഡിപ്പോയിൽനിന്നും ലാഭകരമായി നടത്തിയിരുന്ന ഹ്രസ്വ, ദീർഘദൂര സർവ്വീസുകൾ പലതും നിർത്തലാക്കിയ വിവരം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത സർവ്വീസുകൾ മുഴുവൻ വീണ്ടും പുനരാരംഭിച്ച് തെക്കൻ മേഖലയിലെ യാത്രാക്ലേശം പരിഹരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ലാഭകരമായി നടത്തിയിരുന്ന സർവ്വീസുകൾ റദ്ദാക്കിയിട്ടില്ല. വരുമാനം കുറവുള്ള ചില സർവ്വീസുകൾ ബസുകളുടെയും ജീവനക്കാരുടെയും അപര്യാപ്തതമൂലം ചില ദിവസങ്ങളിൽ ഓപ്പറേറ്റ് ചെയ്യാറില്ല.

(സി) ലാഭകരമായി നടത്തിയിരുന്ന സർവ്വീസുകൾ നിർത്തലാക്കിയിട്ടില്ല. ആകയാൽ ചോദ്യം ഉദിക്കുന്നില്ല.

73 (2633) നിയമസഭാമന്ദിരത്തിനു മുൻവശം കെ.എസ്.ആർ.ടി.സി. ബസ്സുകൾക്ക് സ്റ്റോപ്പ്

ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമസഭാ മന്ദിരത്തിനു മുൻവശം കെ.എസ്.ആർ.ടി.സി. യുടെ ഫാസ്റ്റ് പാസഞ്ചർ, സൂപ്പർ ഫാസ്റ്റ്, സൂപ്പർ എക്സ്പ്രസ് ബസ്സുകൾക്ക് സ്റ്റോപ്പ് അനുവദിച്ച് ഉത്തരവിറക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ ഈ ഉത്തരവ് പാലിക്കപ്പെടുന്നില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ ഉത്തരവ് കൃത്യമായി പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പ് വരുത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉത്തരവ് ഇറക്കിയിരുന്നു. എന്നാൽ 29.6.98-ന് പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം പുതിയ അസംബ്ലി മന്ദിരത്തിനു മുൻപിലെ സ്റ്റോപ്പ് പി.എം.ജി. സ്റ്റോപ്പിലേയ്ക്ക് മാറ്റി.

(ബി)&(സി) ചോദ്യം ഉദിക്കുന്നില്ല.

74 (2634) സുൽത്താൻ ബത്തേരി കെ.എസ്.ആർ.ടി.സി. ഡിപ്പോ

ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുൽത്താൻ ബത്തേരി കെ.എസ്.ആർ.ടി.സി. ജില്ലാ ഡിപ്പോയിൽ ആവശ്യത്തിന് ജീവനക്കാരും ബസ്സുകളും സ്പെയർപാർട്സും ഇല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിന് പരിഹാരം കാണുന്നതിന് വേണ്ട അടിയന്തിര നടപടികൾ കൈക്കൊള്ളുമോ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly